കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (SCERT), കേരളം

# സർക്കുലർ

**സ്കൂൾ വിദ്യാർത്ഥികൾക്ക് ഉന്നതപഠനം വരെ സ്കോളർഷിപ്പ് ലഭിക്കാൻ അവസരമൊരുക്കുന്ന ദേശീയ പ്രതിഭാനിർണയ പരീക്ഷയുടെയും (എൻ.ടി.എസ്.ഇ) നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന്റെയും (എൻ.എം.എം.എസ്) സംസ്ഥാനതല പരീക്ഷ 2018 നവംബർ 18 ന് നടക്കുകയാണ്. അതിനായുള്ള അപേക്ഷകൾ 2018 സെപ്റ്റംബർ 10 മുതൽ എസ്.സി.ഇ.ആർ.ടി കേരളയുടെ വെബ്സൈറ്റിൽ ഓൺലൈൻ ആയി (www.scert.kerala.gov.in) സമർപ്പിക്കാവുന്നതാണ്. അപേക്ഷിക്കേണ്ട അവസാന തീയതി 2018 സെപ്റ്റംബർ 24.**

## നാഷണൽ ടാലന്റ് സെർച്ച് എക്സാമിനേഷൻ
## (NTS പരീക്ഷ) 2018 - 2019

നാഷണൽ ടാലന്റ് സെർച്ച് എക്സാമിനേഷൻ (എൻ.ടി.എസ്.ഇ) സംസ്ഥാന തല പരീക്ഷയിൽ പത്താം ക്ലാസ് വിദ്യാർത്ഥികളാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. സംസ്ഥാനതല എൻ.ടി.എസ് പരീക്ഷാ വിജയികളെ ഉൾപ്പെടുത്തി ദേശീയതല പരീക്ഷ **2019 മേയ് 12** ന് നടത്തി അതിൽ വിജയിക്കുന്നവർക്കാണു സ്കോളർഷിപ്പ് നൽകുന്നത്.

**യോഗ്യത :** സർക്കാർ, എയ്ഡഡ്, കേന്ദ്രീയ വിദ്യാലയ, നവോദയ വിദ്യാലയ, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങി മറ്റ് അംഗീകൃത സ്കൂളുകളിൽ പത്താം ക്ലാസിൽ പഠിക്കുന്നവർക്ക് അപേക്ഷിക്കാം. ഓപ്പൺ ഡിസ്റ്റൻസ് ലേണിംഗ് (ODL) വഴി രജിസ്റ്റർ ചെയ്ത പതിനെട്ട് വയസ്സിന് താഴെ പത്താംക്ലാസിൽ ആദ്യ തവണ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം.

ഒൻപതാം ക്ലാസ്സിൽ ഭാഷേതര വിഷയങ്ങൾക്കായി 55% ൽ കുറയാത്ത മാർക്ക് ലഭിച്ചിരിക്കണം.

**പരീക്ഷ** : 120 മിനിട്ട് ദൈർഘ്യം മുള്ള 2 പേപ്പറുകളാണ് ഉള്ളത്. അതിൽ ഒന്നാം പേപ്പർ - Scholastic Aptitude Test (SAT) ൽ ഭാഷേതര വിഷയങ്ങളായ സാമൂഹ്യശാസ്ത്രം, അടിസ്ഥാന ശാസ്ത്രം, ഗണിതം എന്നിവയിൽ നിന്ന് 100 വസ്തുനിഷ്ഠ ചോദ്യങ്ങൾ ഉണ്ടായിരിക്കും. രണ്ടാം പേപ്പർ-Mental Ability Test (MAT) ൽ മനോനൈപുണി പരിശോധിക്കുന്ന 100 വസ്തുനിഷ്ഠ ചോദ്യങ്ങളും ഉണ്ടായിരിക്കും.

**ഫീസ് :** പൊതുവിഭാഗം, ഒ.ബി.സി എന്നിവർക്ക് 250 രൂപയും എസ്.സി., എസ്.ടി., ബി.പി.എൽ വിഭാഗങ്ങൾക്കു 100 രൂപയുമാണ്.

അപേക്ഷകർ ഫോട്ടോ, അംഗപരിമിതിയുള്ളവർ അത് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ബി.പി.എൽ. സർട്ടിഫിക്കറ്റ്, ഒ.ബി.സി വിഭാഗത്തിൽ റിസർവേഷന് അർഹതയുള്ളവർ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ചുള്ള നോൺ ക്രീമിലിയർ സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈൻ ആയി അപേക്ഷിക്കുന്നതിന് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

## നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് എക്സാമിനേഷൻ
## (NMMS പരീക്ഷ) 2018 - 2019

നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിന് (എൻ.എം.എം.എസ്) എട്ടാം ക്ലാസ് വിദ്യാർത്ഥികളാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. എൻ.എം.എം.എസിന് സംസ്ഥാന തല പരീക്ഷ മാത്രമേയുള്ളു.

**യോഗ്യത :** സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് അപേക്ഷിക്കാം. റസിഡൻഷ്യൽ സ്കൂൾ, മറ്റ് അൺ എയിഡഡ് സ്കൂളുകൾ എന്നിവയിൽ പഠിക്കുന്ന കുട്ടികൾ അപേക്ഷിക്കാൻ അർഹരല്ല. രക്ഷിതാക്കളുടെ വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ കൂടരുത്. ഏഴാം ക്ലാസിൽ എല്ലാ വിഷയങ്ങൾക്കും ചുരുങ്ങിയത് 55% മാർക്ക് വേണം (എസ്.സി./എസ്.റ്റി വിഭാഗക്കാർക്ക് 5% ഇളവ് ഉണ്ടായിരിക്കും).

**പരീക്ഷ :** 90 മിനിട്ട് വീതമുള്ള രണ്ട് പേപ്പറുകളാണ് ഉള്ളത്. അതിൽ ഒന്നാം പേപ്പർ - Scholastic Aptitude Test (SAT) ൽ ഭാഷേതര വിഷയങ്ങളായ സാമൂഹ്യശാസ്ത്രം, അടിസ്ഥാനശാസ്ത്രം, ഗണിതം എന്നിവയിൽ നിന്ന് 90 വസ്തുനിഷ്ഠ ചോദ്യങ്ങൾ ഉണ്ടായിരിക്കും.

രണ്ടാം പേപ്പർ–Mental Ability Test (MAT) ൽ മനോനൈപുണി പരിശോധിക്കുന്ന 90 വസ്തുനിഷ്ഠ ചോദ്യങ്ങളും ഉണ്ടായിരിക്കും.

**എൻ.എം.എം.എസ് പരീക്ഷക്ക് അപേക്ഷാ ഫീസില്ല.**

അപേക്ഷകർ ഫോട്ടോ, വരുമാന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, അംഗപരിമിതിയുള്ളവർ അത് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈൻ ആയി അപേക്ഷിക്കുന്നതിന് അപ്‌ലോഡ് ചെയ്യേണ്ടതാണ്.



**ഡയറക്ടർ**
എസ്.സി.ഇ.ആർ.ടി കേരളം